**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5923** **28.03.2018**- ൽ മറുപടിയ്ക്ക്

**വൃക്ക രോഗികൾക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ധനസഹായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ജോയി | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വകുപ്പ മന്ത്രി.) |

| | | |
|---|---|---|
| സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്ക രോഗികൾക്ക് പ്രതിമാസ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | | സാമൂഹ്യനീതി വകുപ്പിനു കീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്ക രോഗികൾക്ക് പ്രതിമാസ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.<br>1 വൃക്കരോഗ വിദഗ്ധനിൽ നിന്നും ലഭിച്ച നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്. (ആശുപത്രി സീൽ, ഡോക്ടർ സീൽ എന്നിവ സഹിതം).<br>2 ബി.പി.എൽ. റേഷൻകാർഡ്/തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിയിൽ നിന്നും ലഭിച്ച ബി.പി.എൽ. സർട്ടിഫിക്കറ്റ് ഇവയിലേതെങ്കിലും ഒന്നിന്റെ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്).<br>3 ശിശുവികസന പദ്ധതി ആഫീസറുടെ അന്വേഷണ റിപ്പോർട്ട് (ആഫീസ് സീൽ സഹിതം).<br>4 നാഷണലൈസ്ഡ് ബാങ്കിൽ അപേക്ഷകന്റെ പേരിൽ അക്കൗണ്ട് ആരംഭിച്ച ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്.<br>5 ആധാർ കാർഡിന്റെ പകർപ്പ്.<br>അപേക്ഷാഫോറം, ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ/പഞ്ചായത്ത് ഓഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/ അംഗനവാടികൾ എന്നിവടങ്ങളിൽ നിന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റിൽ നിന്നും/ ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാ ഫോറം മേല്പറഞ്ഞ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**